# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*300** — **21.08.2017 ൽ മറുപടിയ്ക്ക്**

## കേരഗ്രാമം പദ്ധതിയുടെ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. മുകേഷ്<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.യു. ആർ. പ്രദീപ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) തെങ്ങുകൃഷി വികസനത്തിനായി പ്രഖ്യാപിച്ച കേരഗ്രാമം പദ്ധതിയുടെ വിശദാംശവും പുരോഗതിയും അറിയിക്കാമോ; | എ) നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും, അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ "കേരഗ്രാമം" എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം നടപ്പിലാക്കിവരുന്നു.<br>പദ്ധതി നടപ്പിലാക്കുവാനായി 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 എണ്ണം കേരഗ്രാമങ്ങൾ രൂപീകരിക്കുകയാണ് ലക്ഷ്യം. 3332.50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിക്കായി നീക്കിവെച്ചിരിക്കുന്നത്. ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് കൃഷി ചിലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഘടകങ്ങൾ എല്ലാം തന്നെ സമഗ്ര നാളീകേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>2017-18 വർഷത്തെ പദ്ധതി നടത്തിപ്പിലേക്കായി 44 പുതിയ കേരഗ്രാമങ്ങളെ തിരഞ്ഞെടുക്കുകയുണ്ടായി. ഒരു കേരഗ്രാമത്തിന്റെ വിസ്തൃതി 250 ഹെക്ടർ ആയതിനാൽ പദ്ധതി പ്രദേശത്തിന്റെ സർവ്വേ നടപടികളും, യോഗങ്ങളും, പരിശീലന പരിപാടികളും പഞ്ചായത്തു തല കേരസമിതി |

രൂപീകരണം, ടെക്നിക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരണം തുടങ്ങിയ പ്രാരംഭ പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു.

ബി) സംസ്ഥാനത്ത് തെങ്ങുകൃഷിയിൽ ഉല്പാദനക്ഷമത കുറഞ്ഞുവരുന്നതായുള്ള റിപ്പോർട്ടുകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; ഇതിന് കാരണമെന്തെന്നും അത് പരിഹരിക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും അറിയിക്കാമോ;

ബി) ഉണ്ട്. 2017 ചിങ്ങം 1 മുതൽ 2018 ചിങ്ങം 1 വരെയുള്ള ഒരു വർഷം നാളികേര വർഷമായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നാളികേര ഉല്പാദനം വ്യാപിപ്പിക്കുവാൻ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. സാമ്പത്തിക സ്ഥിതി വിവര വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പ്രധാന വിളയായ തെങ്ങുകൃഷി 2012-13 വർഷം 798162 ഹെക്ടറിലും 2013-14 വർഷം 808647 ഹെക്ടറിലും 2014-15 വർഷം 793856 ഹെക്ടറിലും 2015-16 വർഷം 790223 ഹെക്ടറിലും കൃഷി ചെയ്തു വരുന്നു.2012-13 വർഷം 5799 മില്യൺ നാളികേരം ആയിരുന്ന ഉൽപാദനം 2013-14 വർഷം 5921 മില്യൺ ആയും, 2014-15 വർഷം 5947 മില്യൺ ആയും വർദ്ധിച്ചിട്ടുള്ളതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ 2015-16 വർഷം വിസ്തൃതി 790223 ഹെക്ടറായി കുറഞ്ഞപ്പോൾ 1.25% ഉത്പാദനക്കുറവ് (5873 മില്യൺ) ഉണ്ടായതായി കാണുന്നു.

നിലവിലെ തെങ്ങിൻ തോപ്പുകൾ കെട്ടിട നിർമ്മാണത്തിനായി ഉപയോഗിച്ചപ്പോൾ തെങ്ങ് കൃഷിയുടെ വിസ്തൃതി കുറയുവാൻ ഇടയാക്കി. കൂടാതെ സംസ്ഥാനത്ത് കൃഷി ചെയ്യുന്ന തെങ്ങുകളിൽ 15%- 22% വരെ കാറ്റു വീഴ്ച മുതലായ രോഗങ്ങളും കീടബാധകളും മൂലം ഉല്പാദനക്ഷമത കുറയാൻ കാരണമായിട്ടുണ്ട്. ശാസ്ത്രീയ കൃഷി മുറകൾ തെങ്ങിൻ തോട്ടങ്ങളിൽ പാലിക്കുന്നതിന് കർഷകർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലി ചെലവും, ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിൽ നിന്നും കർഷകരെ പിൻതിരിപ്പിക്കുന്നു.

ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുക, നാളീകേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നീ

ലക്ഷ്യത്തോടെയാണ് "3332.50" ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തികൊണ്ട് കേരഗ്രാമം എന്ന സമഗ്ര നാളികേര വികസന പദ്ധതി രൂപീകരിച്ചിരിക്കുന്നത്. കൂടാതെ തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധമാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തി മറ്റൊരു പദ്ധതിയും 2017-18 വർഷം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

| | | | |
|---|---|---|---|
| സി) | കേര വൃക്ഷ ഇൻഷുറൻസ് പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് അവലോകനം ചെയ്തിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | കേര കർഷകരുടെ പ്രതീക്ഷയായിരുന്ന നീര വ്യവസായം പ്രതിസന്ധിയിലേക്ക് നീങ്ങുന്നത് പരിഹരിക്കാനായി, ഉപഭോക്താക്കൾക്ക് ആകർഷകമായ രീതിയിൽ വില നിയന്ത്രിക്കുന്നതിനും ആരോഗ്യപാനീയമെന്ന നിലയിൽ പ്രചാരം നൽകി വിപണിയിൽ ചുവടുറപ്പിക്കുന്നതിനും സഹായം നൽകുമോയെന്ന് വെളിപ്പെടുത്താമോ? | ഡി) | കേരകർഷകരുടെ പ്രതീക്ഷയായിരുന്ന നീരവ്യവസായം പ്രതിസന്ധിയിലേക്ക് നീങ്ങുന്നത് പരിഹരിക്കാനായി നീര ഉലാപാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നാളികേര ഉല്പാദന സൊസൈറ്റികൾ/ ഫെഡറേഷനുകൾക്ക് ചെലവിന്റെ 25% പരമാവധി 50 ലക്ഷം രൂപ അനുവദിച്ചു നൽകുന്നുണ്ട്. ഇപ്രകാരം 2015-16, 2016-17 ലായി 4 നാളികേര ഉല്പാദന കമ്പനികൾക്കായി 194.16 ലക്ഷം രൂപ കൃഷി വകുപ്പ് നൽകിയിട്ടുണ്ട്<br>**<u>2015-16</u>**<br>ക്ലീപ്പുഴ നാളികേര ഉല്പാദന കമ്പനി ലിമിറ്റഡ്, കൊല്ലം - 50 ലക്ഷം<br>കുറ്റ്യാടി നാളികേര ഉല്പാദന കമ്പനി ലിമിറ്റഡ്, കോഴിക്കോട്- 50 ലക്ഷം<br>കറപ്പുറം നാളികേര ഉല്പാദന കമ്പനി ലിമിറ്റഡ്, ആലപ്പുഴ -50 ലക്ഷം<br>**<u>2016-17</u>**<br>വടകര നാളികേര ഉല്പാദന കമ്പനി ലിമിറ്റഡ്,കോഴിക്കോട് -44.16 ലക്ഷം<br>നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നീര ടെക്നീഷ്യൻ പരിശീലന പരിപാടി കേരള കാർഷിക സർവ്വകലാശാല,നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എന്നിവ മുഖേന നൽകുന്നതാണ്. |

കൂടാതെ ഒരു ആരോഗ്യ പാനീയമെന്ന നിലയിൽ നീരയുടെ പ്രചാരണത്തിനായി വിവിധ എക്സിബിഷനുകളിലും ഫെസ്റ്റിവലുകളിലും നീരയെ സംബന്ധിച്ച പ്രദർശനങ്ങൾ മുതലായവ നാളികേര വികസന ബോർഡ് മുഖേന സംഘടിപ്പിക്കുന്നു. നീരയും മറ്റ് മൂല്യ വർദ്ധിത ഉല്പന്നങ്ങളും വിൽക്കുന്നതിനായി വഴിയരികിൽ ബൂത്ത് പോലെയുള്ള ചെറിയ കടകൾ സ്ഥാപിക്കുന്നതിനായുള്ള ധനസഹായവും നൽകുന്നുണ്ട്.

Mayap.

**സെക്ഷൻ ഓഫീസർ**